**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തൃശ്ശൂർ നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷാൻ.ഇ.ജെ. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 294/ 2020 നമ്പർ കേസിലെ 14.02.2020 തീയതിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ) നം.68/ 2021/ തസ്വഭവ — തീയതി, തിരുവനന്തപുരം, 11.01.2021

---

പരാമർശം :

1. തൃശ്ശൂർ നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഷാൻ.ഇ.ജെ.സർക്കാരിൽ സമർപ്പിച്ച 24.01.2020 തീയതിയിലെ നിവേദനം. (അനക്ഷർ A6)
2. ശ്രീ. ഷാൻ.ഇ.ജെ..ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 294/ 2020 നമ്പർ കേസിലെ 14.02.2020 തീയതിലെ വിധിന്യായം
3. നഗരകാര്യഡയറക്ടറുടെ 27.10.2020, 31.12.2020 തീയതികളിലെ ഇ 3-6465/ 20 നമ്പർ കത്തുകൾ.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ തൃശ്ശൂർ കോർപ്പറേഷനിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ഷാൻ ഇ.ജെ, പരാമർശം 1 പ്രകാരം സർക്കാരിൽ സമർപ്പിച്ച നിവേദനം പ്രകാരം നഗരകാര്യഡയറക്ടറുടെ 24.7.2019-ലെ ഇ 6-2378/ 2019 നം കത്ത് പ്രകാരം പ്രസിദ്ധീകരിച്ച ക്യൂലിസ്റ്റിൽ ഇരിഞ്ഞാലക്കുട നഗരസഭയിലേയ്ക്ക് ക്രമനം (3) ആയി ടിയാൾ ഉൾപ്പെട്ടിരുന്നതായും, ക്രമനം (1), (2)പ്രകാരം ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ അവരുടെ ആദ്യത്തെ ഓപ്ഷനിലേയ്ക്ക് സ്ഥലംമാറ്റം വാങ്ങി പോയിട്ടുള്ളതും അപ്രകാരം ഇരിങ്ങാലക്കുട നഗരസഭയിലെ സീനിയർ ക്ലാർക്കിന്റെ ഒഴിവിലേയ്ക്ക് ക്യൂലിസ്റ്റ് പ്രകാരം സ്ഥലം മാറ്റത്തിന് അർഹതയുണ്ടായിരുന്നുവെങ്കിലും ടിയാന് നിയമനം നൽകാതെ പകരം ക്യൂലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത പരപ്പനങ്ങാടി നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീ. ബിജോയ് പി.ടി-യ്ക്ക്, ഇരിഞ്ഞാലക്കുട നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റം നൽകിയ നഗരകാര്യഡയറക്ടറുടെ 17.01.2020-ലെ ഇ 3-15153//2019 ഉത്തരവ് റദ്ദുചെയ്ത് ഇരിഞ്ഞാലക്കുട നഗരസഭയിലെ സീനിയർ ക്ലാർക്ക് തസ്തികയിൽ ക്യൂലിസ്റ്റ് പ്രകാരമുള്ള ടിയാനെ നിയമിക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ

ചെയ്ത OA (EKM)- 294/ 2020 നമ്പർ കേസിലെ 14.02.2020-ലെ ഉത്തരവ് പ്രകാരം അപേക്ഷകൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള 24.01.2020-ലെ നിവേദനത്തിന്മേൽ(Annexure-A6), കോടതി ഉത്തരവ് ലഭിച്ച് 2 മാസത്തിനുള്ളിൽ അപേക്ഷകനെയും 3-ാം എതിർകക്ഷിയായ ഇരിഞ്ഞാലക്കുട നഗരസഭയിലെ സീനിയർ ക്ലാർക്ക് ശ്രീ.ബിജോയ് പി.ടി-യെയും, കേട്ടതിനുശേഷം, തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ തൃശ്ശൂർ കോർപ്പറേഷനിലെ സീനിയർ ക്ലാർക്ക് ശ്രീ. ഷാൻ ഇ.ജെ, 3-ാം എതിർകക്ഷിയായ ആയ ഇരിഞ്ഞാലക്കുട നഗരസഭയിലെ സീനിയർ ക്ലാർക്ക് ശ്രീ.ബിജോയ് പി.ടി നഗരകാര്യഡയറക്ടറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി. മിനി പി.എ. എന്നിവരെ ഓൺലൈൻ പ്ലാറ്റ്ഫോം മുഖാന്തരം 30.11.2020-ൽ രാവിലെ 11.30-ന് തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർ സെക്രട്ടറി കേൾക്കുകയുണ്ടായി.

3. നേരിൽ കേട്ട സമയത്തെ ശ്രീ. ഷാൻ ഇ.ജെ,-യുടെ വാദങ്ങൾ പ്രകാരം, നഗരകാര്യഡയറക്ടറുടെ 24.07.2019-ലെ ഇ 6-2378/2019 നം കത്ത് പ്രകാരം പ്രസിദ്ധീകരിച്ച കൂലിസ്റ്റിൽ ഇരിഞ്ഞാലക്കുട നഗരസഭയിലെ സീനിയർ ക്ലാർക്കിന്റെ ഒഴിവിലേയ്ക്ക് കൂലിസ്റ്റ് പ്രകാരം തനിക്ക് സ്ഥലം മാറ്റത്തിന് അർഹതയുണ്ടായിരുന്നിട്ടും നിയമനം നൽകാതെ പകരം കൂലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത പരപ്പനങ്ങാടി നഗരസഭയിലെ സീനിയർ ക്ലാർക്കായ ശ്രീ. ബിജോയ്.പി.ടി-യെ, നഗരകാര്യഡയറക്ടറുടെ 17.01.2020-ലെ ഇ 3-15153//2019 ഉത്തരവ് പ്രകാരം ഇരിഞ്ഞാലക്കുട നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റം നൽകിയ നടപടി നീതി നിഷേധമാണെന്നും ആയതിനാലാണ് ടിയാൻ OA (EKM)- 294/2020 ഫയൽ ചെയ്തതെന്നും എന്നാൽ നിലവിൽ ഇരിങ്ങാലക്കുട നഗരസഭയിൽ സീനിയർ ക്ളാർക്കിന്റെ ഒരു തസ്തിക 2020 ജൂലൈ മുതൽ ഒഴിഞ്ഞുകിടക്കുന്നതിനാൽ ടിയാന് ആ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി. ഇരിങ്ങാലക്കുട നഗരസഭയിലെ നിലവിലുള്ള സീനിയർ ക്ളാർക്കിന്റെ ഒഴിവിലേയ്ക്ക് ശ്രീ. ഷാൻ ഇ.ജെ,-യെ പരിഗണിക്കണമെന്ന് ശ്രീ.ബിജോയ് പി.ടി-യും ഹിയറിംഗ് സമയത്ത് അപേക്ഷിച്ചിരുന്നു.

4. നഗരകാര്യഡയറക്ടറുടെ പരാമർശം 3 പ്രകാരമുള്ള റിപ്പോർട്ടിൽ, 2019-20 വർഷത്തെ കൂലിസ്റ്റിൽ ശ്രീ. ഷാൻ ഇ.ജെ ചാലക്കുടി, ഇരിഞ്ഞാലക്കുട,തൃശ്ശൂർ എന്നീ നഗരസഭകളെ യഥാക്രമം ഒന്നും രണ്ടും മൂന്നും ഓപ്ഷനായി തിരഞ്ഞെടുത്തിട്ടുള്ളതാണ് എന്നും ടിയാന്റെ അപേക്ഷ പരിഗണിക്കുന്നതിന് ചാലക്കുടി, ഇരിഞ്ഞാലക്കുട നഗരസഭകളിൽ ഒഴിവുകൾ നിലവിലില്ലാതിരുന്നതിനാലാണ് മൂന്നാമത്തെ ഓപ്ഷനായ തൃശ്ശൂർ നഗരസഭയിലേയ്ക്ക് 30.8.2019-ലെ ഉത്തരവ് പ്രകാരം സ്ഥലംമാറ്റം നൽകിയത് എന്നും ഇരിഞ്ഞാലക്കുട നഗരസഭയിൽ എൽ.ഡി ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ബിജോയ് പി.ടി-യെ 30.8.2019-ലെ ഉത്തരവ് പ്രകാരം ക്ളാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ളാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി പരപ്പനങ്ങാടി നഗരസഭയിൽ നിയമിച്ചിരുന്നതായും എന്നാൽ ടിയാൻ

വികലാംഗജീവനക്കാരനാണെന്നും ശാരീരികവൈകല്യം മൂലം പടികൾ കയറുന്നതിനും ദൂരയാത്ര നടത്തുന്നതിനും വളരെ ബുദ്ധിമുട്ട് ആണെന്നും ആയത് പരിഗണിച്ച്, പോയി വരുവാൻ സാധിക്കുന്ന നഗരസഭകളായ ചാലക്കുടി, ഇരിഞ്ഞാലക്കുട, കൊടുങ്ങല്ലൂർ എന്നിവയിലെതെങ്കിലും നഗരസഭകളിൽ സ്ഥലംമാറ്റം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതനുസരിച്ച് ടിയാന്റെ ടി. അവസ്ഥ പരിഗണിച്ച് ഇരിഞ്ഞാലക്കുട നഗരസഭയിലേയ്ക്ക് ക്യൂ ലിസ്റ്റ് നിലവിലുണ്ടെങ്കിലും മാനുഷികപരിഗണന നൽകിയാണ് ടിയാന് ഇരിഞ്ഞാലക്കുട നഗരസഭയിൽ 01.12.2019-ൽ റിട്ടയർമെന്റ് മൂലമുണ്ടായ ഒഴിവിൽ സ്ഥലം മാറ്റം അനുവദിച്ച് നൽകിയിട്ടുള്ളത് എന്നും അറിയിച്ചു. നിലവിൽ ഇരിഞ്ഞാലക്കുട നഗരസഭയിൽ ഒരു ഒഴിവ് ഉണ്ട് എന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യഡയറക്ടറുടെ മേൽ റിപ്പോർട്ട് പ്രകാരം ഇരിഞ്ഞാലക്കുട നഗരസഭയിൽ സീനിയർ ക്ലർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിലുള്ള സാഹചര്യത്തിൽ തൃശ്ശൂർ കോർപ്പറേഷനിലെ സീനിയർ ക്ളാർക്കായ ശ്രീ. ഷാൻ ഇ.ജെയുടെ പരാതി പരിഹരിക്കുവാൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ നഗരകാര്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അനക്ഷർ എ 6 നിവേദനം തീർപ്പാക്കി ഉത്തരവാകുന്നു.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ-ന്റെ 14.02.2020 തീയതിലെ ഉത്തരവിലെ നിർദ്ദേശം മേൽ പറഞ്ഞപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജെയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.( ആമുഖ കത്ത് സഹിതം)

ശ്രീ. ഷാൻ ഇ.ജെ, സീനിയർ ക്ലർക്ക്, തൃശ്ശൂർ നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ.ബിജോയ് പി.ടി, സീനിയർ ക്ലർക്ക്, ഇരിഞ്ഞാലക്കുട നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ